**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 210 17.02.2016- ൽ മറുപടിക്ക്**

**"യുവ സംരംഭകത്വം"**

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്**

**,, ആർ. രാജേഷ്**

**പ്രൊഫ. സി.രവീന്ദ്രനാഥ്**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**

**ഉത്തരം**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽരഹിതരിൽ എത്ര ശതമാനം സാങ്കേതികവൈദഗ്ധ്യമുള്ളവരും ബിരുദധാരികളുമാണെന്ന് വ്യവസായ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | എ) | പരിശോധിച്ചിട്ടില്ല. |
| ബി) | അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുള്ള, വ്യവസായ പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം കണ്ടെത്താനാവുന്ന, ഉപഭോഗവസ്തുക്കൾ ഏറെയും ഇറക്കുമതി ചെയ്യുന്നതിനും ആവശ്യക്കാരുള്ളതുമായ സംസ്ഥാനത്ത് സംരംഭകത്വം വികസിച്ചുവരാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | സംസ്ഥാനം സംരംഭകത്വ വികസനത്തിൽ ഉദ്ദേശിച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും വേണ്ടി വ്യവസായ വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ മനുഷ്യവിഭവവും സമ്പത്തും പ്രവാസി മലയാളികളുടെ സാദ്ധ്യതകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് സംരംഭകത്വത്തെ വളർത്തിയെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ? | സി) | പ്രവാസി മലയാളികൾക്കിടയിൽ സംരംഭകത്വം വളർത്തിയെടുക്കാൻ വിവിധ പദ്ധതി/പരിപാടികൾ മുഖേന സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നോർക്ക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം-1

## കെ.എസ്.ഐ.ഡി.സി.

- കേരളത്തിലെ നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിന് എമർജിങ്ങ് കേരള സംഘടിപ്പിച്ചു.
- വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡ്, ഇൻവെസ്റ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് എന്നിവ രൂപീരിച്ചു.
- വൻകിട വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമിയും, ധനവായ്പയും, വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലീയറൻസുകളും ലഭ്യമാക്കി വരുന്നു.
- വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വി മിഷൻ കേരളയ്ക്ക് രൂപം കൊടുത്തു.
- കൊച്ചിയിൽ വനിതസംരംഭകത്വ സമ്മേളനം (WE Summit 2015, WE CAN - Women Entrepreneurs Collaborating and Networking) സംഘടിപ്പിച്ചു.
- യുവ സംരംഭക സംഗമം 2014 (YES) സംഘടിപ്പിച്ചു.
- യെസ് ക്യാൻ 2015 സംഗമം യുവസംരംഭകർക്കായി സംഘടിപ്പിച്ചിച്ചു.
- ചേർത്തല വ്യവസായ പാർക്കിൽ 130 കോടി രൂപ ചെലവിട്ട് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടി.
- കണ്ണൂർ വ്യവസായ പാർക്കിൽ 13 കോടി രൂപ ചെലവിൽ 110 കെ.വി സബ്സ്റ്റേഷൻ.
- കോഴിക്കോട് വ്യവസായ പാർക്കിൽ 14 കോടി രൂപ ചെലവിൽ എസ്.ഡി.എഫ് ബിൽഡിങ്ങ്, 6.00 കോടി രൂപ ചെലവവിൽ 110 കെ.വി സബ്സ്റ്റേഷൻ.
- പാലക്കാട് വ്യവസായ പാർക്കിൽ 14.5 കോടി രൂപ ചെലവിട്ട് എസ്.ഡി.എഫ് ബിൽഡിങ്ങ്.
- തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ 13.00 കോടിയോളം രുപ ചെലവിൽ റോഡ്, ജലസംഭരണി എന്നിവ.

## കിൻഫ്ര

- ജലം, വൈദ്യുതി, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ തയ്യാറാക്കി സംരംഭകർക്ക് നൽകുന്നു.
- ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതിന് സംരംഭകർക്ക് അനുമതികൾ നൽകുന്നു.

## വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

### I. ചെറുകിട വ്യവസായങ്ങൾ

- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം.
- നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് / പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം
- നിലവിലുള്ള പൊതു സൗകര്യസേവന കേന്ദ്രങ്ങളുടെ നവീകരണം
- വ്യവസായ പാർക്കുകൾക്കായി സ്ഥലം എടുക്കൽ
- വൈദഗ്ദ്ധ്യ വികസന പരിപാടി
- സംരംഭകർക്കു പരിശീലനം
- നിർവ്വഹണോദ്യോഗസ്ഥർക്കുള്ള പരിശീലനം
- സംരംഭകത്വ സഹായ പദ്ധതി
- ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടി (20% സംസ്ഥാന വിഹിതം)
- നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് / പ്രദേശങ്ങളുടെ നവീകരണം
- ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം
- സെൻസസിനു വേണ്ടി ന്യൂക്ലിയസ് സെൽ
- എൻ.സി.എച്ച്.സി മുഖാന്തരം ഭക്ഷ്യ സുരക്ഷ സംവിധാനം, പുതിയ വ്യാപാര വികസന കേന്ദ്രങ്ങൾ, പുതിയ പദ്ധതികൾ.
- യുവ സംരഭകർക്ക് ധനസഹായം
- പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്റ്റാർട്ടപ്പ് സബ്സിഡി

### II. വാണിജ്യം

#### വാണിജ്യ വികസനം

- മേഖലയുടെ വികസനത്തിനായി വിശദമായ പഠനങ്ങൾ നടത്തുക.
- വാണിജ്യ മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ തരത്തിൽ ഗവേഷണ പഠനം തുടങ്ങുക;
- അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ കണ്ടെത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക;
- സുസ്ഥിരമായ വാണിജ്യ വികസനത്തിനാവശ്യമായ ഒരു ദീർഘകാല നയരേഖ രൂപപ്പെടുത്തുക.
- പുറത്തുള്ള വിപണികണ്ടെത്തുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുക.
- ദേശീയ - അന്തർദേശീയ ട്രേഡ് ഫെയർ എക്സിബിഷൻ എന്നിവയിൽ പങ്കെടുക്കുക.

- ദേശീയ - അന്തർദേശീയ ട്രേഡ് ഫെയർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുക.
- മികച്ച കയറ്റുമതിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുക.
- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലെ ഉത്പന്നങ്ങൾ വാണിജ്യവൽക്കരിക്കുക.
- വ്യാപാരമേളകൾ (B2B) സംഘടിപ്പിക്കുക.

## III. <u>കരകൗശല വ്യവസായങ്ങൾ</u>

- കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം
- കരകൗശല മേഖലയിലെ പൊതു സൗകര്യ കേന്ദ്രങ്ങൾ
- കരകൗശല തൊഴിലാളിക്ക് സഹായം
- പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ
- മുള വ്യവസായ വികസനം

**<u>ഈ പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് പരിപാടികൾ താഴെപ്പറയുന്നവയാണ്</u>**

- മുള-സംഗീതം, കല എന്നിവയുടെ പ്രോത്സാഹനം, സംസ്ഥാനത്തിനകത്തുള്ള മറ്റ് പ്രോത്സാഹന പരിപാടികൾ
- അന്താരാഷ്ട്ര പങ്കാളിത്തത്തോടെ "കേരള ബാംബൂ ഫെസ്റ്റ്"
- പട്ടികജാതി / പട്ടികവർഗ്ഗത്തിൽ നിന്ന് 100 പേർ ഉൾപ്പെടെ, 200 കലാകാരൻമാർക്ക് ട്രെയിനിങ് സംഘടിപ്പിക്കുക
- മുന്തിയ ഡിസൈനിലുള്ള ഉപഹാരം വികസിപ്പിക്കുക, വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക, ഉത്പന്നങ്ങളുടെ പട്ടിക നിർമ്മിക്കുക, ഉത്പന്നങ്ങളുടെ വിവരണപട്ടിക തയ്യാറാക്കുക, മാനുവൽ തയ്യാറാക്കുക
- മുള നാരിന്റെ ഉപയോഗം സംബന്ധിച്ച പഠനം നടത്തുക, ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക
- മുളയിൽ നിന്നും സംഗീത ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുക

സെക്ഷൻ ഓഫീസർ

**അനുബന്ധം - II**

2015 ജനുവരി 16, 17 തീയ്യതികളിൽ കൊച്ചിയിൽ നടന്ന ആഗോള മലയാളി പ്രവാസി സംഗമത്തിൽ സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയർക്ക് പരിചയപ്പെടുത്തുകയുണ്ടായി. വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് വിവിധ അനുമതികൾ നേടുന്നതിന് ഒരു ഏക ജാലക സംവിധാനമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ നിക്ഷേപ സംരംഭ സാധ്യതകളെക്കുറിച്ച് താൽപര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ഈ കേന്ദ്രം ലഭ്യമാക്കുന്നുണ്ട്. കൂടാതെ സംരംഭകത്വം വളർത്തുന്നതിന്റെ ഭാഗമായി ആവശ്യമുള്ളവർക്ക് പലിശ സബ്സിഡി നൽകിക്കൊണ്ട് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു പുനരധിവാസ പദ്ധതിയും ദേശസാൽകൃത ബാങ്കുകളുടെ കൂടി സഹകരണത്തോടു കൂടി നടപ്പിലാക്കി വരുന്നുണ്ട്.

Rijith